ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കിലോയ്ക്ക് ഒരു രൂപ നിരക്കിലുള്ള അരി വിതരണം 2011 സെപ്തംബർ 1 മുതൽ ആരംഭിച്ചു.

(ബി) വിലക്കയറ്റം തടയുന്നതിനും സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്ക് ഒരു രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിനും സാധിച്ചു.

(സി) അർഹരായ ആദിവാസി കുടുംബങ്ങളേയും പ്രാചീന ഗോത്ര വർഗ്ഗ കുടുംബങ്ങളേയും ഏറ്റവും ദരിദ്രരിൽ ദരിദ്രരായ വിഭാഗങ്ങളെയും എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡ് നൽകുന്നുണ്ട്. എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 35 കിലോഗ്രാം അരി വീതം ഒരു രൂപ നിരക്കിൽ നൽകിവരുന്നു. ബി.പി.എൽ. വിഭാഗത്തിൽ 'ആശ്രയ' പദ്ധതിയിൽ അംഗമായിട്ടുള്ളവർ, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, വിധവകൾ, എയ്ഡ്സ് രോഗികൾ, ക്യാൻസർ രോഗികൾ, ഡയാലിസിസിനു വിധേയമായവർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരേയും ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്ന എല്ലാവരേയും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രതിമാസം 25 കിലോഗ്രാം അരി ഒരു രൂപ നിരക്കിൽ നൽകിവരുന്നു.

റേഷൻ കാർഡ് പുതുക്കൽ

185(1252) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളെ കാർഡുടമകളാക്കി റേഷൻ കാർഡ് പുതുക്കി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയാണ് കാർഡുടമ. പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതകളെ കാർഡുടമകളാക്കി റേഷൻകാർഡ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ത്രീശാക്തീകരണമാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്.

(സി) ഈ പദ്ധതി നടപ്പിലാക്കാനായി ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് ഓരോ കുടുംബത്തിലെയും മുതിർന്ന വനിതയുടെ ഫോട്ടോ എടുത്തിട്ടുണ്ട്. പുതിയ റേഷൻ കാർഡിൽ കുടുംബത്തിലെ മുതിർന്ന വനിതയായിരിക്കും കാർഡുടമ. വനിതകളില്ലാത്ത കുടുംബത്തിൽ ഗൃഹനാഥനായിരിക്കും കാർഡുടമ.

കെ.എസ്.സി.എസ്.സി.-യുടെ പെട്രോൾ/ഡീസൽ പമ്പ്

186(1253) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് മണ്ഡലത്തിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ഒരു പെട്രോൾ/ഡീസൽ പമ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നത് ഓയിൽ കമ്പനികളാണ്. ഓയിൽ കമ്പനികൾ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പഴം, പച്ചക്കറി സംഭരണവും സംസ്കരണവും

187(1254) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി, സംഭരണത്തിനും സംസ്കരണത്തിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly